# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5744 | 03/11/2016 -ൽ മറുപടിക്ക്

# വിദേശ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വിദേശ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് വേണ്ടി കോട്ടയം ജില്ലയിൽ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി, കൂടാതെ വിതരണ ശൃംഖല നടപ്പിലാക്കുന്നതിനായി (1) രാമപുരവും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി, (2) അകലക്കുന്നം, കൊഴുവനാൽ, മുത്തോളി പഞ്ചായത്തുകൾക്കുവേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി, (3) ആയർകുന്നം, കുരോപ്പട പഞ്ചായത്തുകൾക്ക് വേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി, (4) ഏറ്റുമാനൂരും അനുബന്ധ വില്ലേജുകൾക്കും വേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി എന്നിവ സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി) ഉൾപ്പെടുത്തി വിദേശ സഹായത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിശോധനയിലിരിക്കുമ്പോൾ കോട്ടയം മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം 2016-17 ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി |

കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ആയതിന് 27/10/2016-ൽ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു.

| | | | |
|---|---|---|---|
| (ബി) | ഈ കാര്യത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി) ഉൾപ്പെടുത്തി വിദേശ സഹായത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നത് പരിശോധിച്ചുവരുന്നു. എന്നാൽ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തിരുവല്ല, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും തിരുവൻവണ്ടൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾക്കും വേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്ന 58.00 കോടി രൂപയുടെ സമഗ്ര എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 27/10/2016-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 25 എം.എൽ.ഡി കല്ലിശ്ശേരി ജലശുദ്ധീകരണശാലയുടെ വിപുലീകരണവും തിരുവല്ലയിൽ ഉള്ള 33 എം.എൽ.ഡി ജലശുദ്ധീകരണശാലയുടെ നവീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് പ്രതിദിനം 150 എൽ.പി.സി.ഡി നിരക്കിൽ ഏകദേശം 16 എം.എൽ.ഡി ശുദ്ധജലം നൽകുവാൻ നിലവിലെ സംവിധാനത്തിലൂടെ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/